നം. C2-22040/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 23.01.2020
Email - swdkerala@gmail.com
Phone - 0471 - 2306040

**വിജ്ഞാപനം**

സാമൂഹ്യപ്രശ്നങ്ങൾ നേരിടുന്ന മിശ്ര വിവാഹ ദമ്പതികൾക്ക് സുരക്ഷിതമായി താമസിക്കുന്നതിന് (പരമാവധി 1 വർഷം) എല്ലാ ജില്ലകളിലും സെയ്ഫ് ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. ഇതിലേയ്ക്കായി ഒരു ഹോമിൽ പരമാവധി 10 ദമ്പതികൾക്ക് ഒരേ സമയം താമസ സൗകര്യം ഒരുക്കാൻ കഴിയുന്ന സന്നദ്ധ സംഘടനകളിൽ നിന്നും വിശദമായ പ്രൊപ്പോസൽ ക്ഷണിക്കുന്നു. താമസ കാലയളവിൽ ദമ്പതികൾക്ക് ഭക്ഷണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഹോമിൽ ലഭ്യമാക്കേണ്ടതാണ്. താൽപര്യമുള്ള സന്നദ്ധ സംഘടനകൾ അതാത് ജില്ലകളിലെ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ 05.2.2020-ന് മുൻപായി വിശദമായ പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതാണ്. മുൻപ് താൽപ്പര്യപത്രം സമർപ്പിച്ചിട്ടുള്ള സംഘടനകൾ വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലോ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, 5-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം (Ph. 0471-2306040) എന്ന വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

AN